**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1085** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ പദ്ധതി ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയെന്ന് വിശദമാക്കാമോ; | (എ) | ജലജീവൻ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ നൽകിയ കുടിവെള്ള കണക്ഷനുകളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നൽകിയ തുക എത്രയെന്ന് വേർതിരിച്ച് വ്യക്തമാക്കാമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതിക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് ജലജീവൻ പദ്ധതി നിർവഹണത്തിനായി സംസ്ഥാന-ജില്ലാ-ഗ്രാമതലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിയുടെ നിർവഹണപുരോഗതി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ബഹു.സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ബഹു. ജല വിഭവ വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എ.മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ച് ചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശ്ശങ്ങൾ നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവഹണ ത്തിന്റെ ഏകോപനത്തിനായി സംസ്ഥാന തലത്തിൽ ഒരു സ്റ്റേറ്റ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ച് പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തുകയും ഏകോപന പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ടുന്ന അനുമതികൾ ലഭിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ആവശ്യമായ ഇടപെടലുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്നുണ്ട്. പദ്ധതി നിർവഹണ പുരോഗതി, പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാറിന്റെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവഹണത്തിൽ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## ജലജീവൻ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ നൽകിയ കുടിവെള്ള കണക്ഷനുകളുടെ വിവരം

| ക്രമ നം. | വർഷം | നൽകിയ കണക്ഷനുകൾ (ലക്ഷത്തിൽ) |
|---|---|---|
| 1 | 2020-21 | 4.04 |
| 2 | 2021-22 | 6.64 |
| 3 | 2022-23 | 4.48 (30-01-2023 വരെ) |
| | **ആകെ** | **15.16** |

**അനുബന്ധം 2**

## ജലജീവൻ മിഷൻ പദ്ധതിക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | വർഷം | നൽകിയ തുക (കോടിയിൽ) | | |
|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | ആകെ |
| 1 | 2020-21 | 303.18 | 303.18 | 606.36 |
| 2 | 2021-22 | 1353.44 | 1353.44 | 2706.88 |
| 3 | 2022-23 (30-01-2023 വരെ) | 1103.28 | 1077.52 | 2180.80 |
| | **ആകെ** | **2759.90** | **2734.14** | **5494.04** |